

# യുദ്ധപേച്ച് (War Talk)

## അണുബോംബുകൊണ്ടുള്ള വേനൽക്കാല വിനോദങ്ങൾ

**അരുന്ധതി റോയ്**
**വിവ : ആശാലത, രാജഗോപാൽ**

1998-ൽ ഇന്ത്യയും പാകിസ്ഥാനും ആണവപരീക്ഷണങ്ങൾ നടത്തിയപ്പോൾ അതിനെ അപലപിച്ചവർ പോലും പടിഞ്ഞാറൻ ആണവശക്തികളുടെ കാപട്യത്തിന്റെ നേർക്ക് അഭിപ്രായ ഭിന്നതയാണ് കാണിച്ചത്. കറുത്തവരെ വിശ്വസിക്കാൻ പറ്റില്ല; അതുകൊണ്ട് അവരുടെ കയ്യിൽ ആണവശക്തിയുണ്ടാകുന്നത് അഭിലഷണീയമല്ല എന്ന മനോഭാവം തന്നെയാണ് പരീക്ഷണങ്ങളെ അപലപിച്ചതിൽ അന്തർലീനമായിരുന്നത്. ആ വിശ്വാസത്തെ അരക്കിട്ടുറപ്പിക്കുന്നവിധമുള്ള നാടകങ്ങൾ നമ്മുടെ സർക്കാരുകൾ നടത്തിക്കൊണ്ടിരിക്കുന്നതിനാണ് നാമിപ്പോൾ ദൃക്സാക്ഷികളാവുന്നത്.

നയതന്ത്രജ്ഞരുടെ കുടുംബാംഗങ്ങളും വിനോദസഞ്ചാരികളും ഈ ഉപഭൂഖണ്ഡത്തിൽ നിന്ന് അപ്രത്യക്ഷരായിക്കൊണ്ടിരിക്കുകയാണ്. അതേസമയം തന്നെ, പാശ്ചാത്യപ്രവർത്തകർ കൂട്ടംക്കൂട്ടമായി ദൽഹിയിലെത്തുന്നു. പലരും എന്നെ വിളിക്കാറുണ്ട്. "ഇനിയും ഈ നഗരം വിട്ടില്ലേ?" എന്നാണ് അവരുടെ ചോദ്യം: ''ആണവയുദ്ധം യഥാർത്ഥത്തിൽ ഉണ്ടാവാനിടയില്ലേ? ദൽഹി ഒരു പ്രധാന ലക്ഷ്യമായിരിക്കില്ലേ?"

അണ്വായുധങ്ങൾ ഉണ്ടെങ്കിൽ, ആണവയുദ്ധം ഒരു യഥാർത്ഥ സാധ്യതയാണ്. ദൽഹി ഒരു പ്രധാന ലക്ഷ്യമായിരിക്കുമെന്നതും ശരിയാണ്.

പക്ഷേ, നാമെവിടെപ്പോകും? ഈ ജീവിതം ശരിയായില്ല എന്നു കരുതി നമുക്ക് പുറത്തുനിന്ന് മറ്റൊരു ജീവിതം വാങ്ങാനൊക്കുമോ?

ഞാൻ പുറത്തു പോകുന്നു എന്നു വക്കുക. എനിക്കറിയാവുന്നവയും ഞാൻ സ്നേഹിച്ചവയുമായ എല്ലാ വസ്തുക്കളും എല്ലാ വ്യക്തികളും-കൂട്ടുകാരും മരങ്ങളും വീടുകളും പട്ടികളും അണ്ണാറക്കണ്ണന്മാരും പക്ഷികളുമെല്ലാം-കരിഞ്ഞു ചാമ്പലായാൽ ഞാൻ പിന്നെ എങ്ങനെ ജീവിക്കും? ആരെ സ്നേഹിക്കും? ആര് തിരിച്ചെന്നെ സ്നേഹിക്കും? ഏത് സമൂഹമാണ് എന്നെ സ്വീകരിക്കുകയും എനിക്കു തോന്നിയമട്ടിൽ ഇവിടെക്കഴിയുംവിധം ജീവിക്കാൻ അനുവദിക്കുകയും ചെയ്യുക?

അതുകൊണ്ടാണ് നാം ഇവിടെത്തന്നെ തുടരുന്നത്. നമ്മൾ ഒരുമിച്ചുകൂടി നിൽക്കുന്നത്. നമ്മൾ എത്രമാത്രം പരസ്പരം സ്നേഹിക്കുന്നുണ്ടെന്ന് നാം തിരിച്ചറിയുന്നു. ഇപ്പോൾ മരിക്കുന്നത് എത്രവലിയ നാണക്കേടാണെന്ന് നാം ചിന്തിക്കുന്നു. മരണഭീതി സ്വാഭാവികമായിത്തീർന്നതുകൊണ്ടു മാത്രമാണ് നമ്മുടെ ജീവിതവും സ്വാഭാവികമായിപ്പോവുന്നത്. നമ്മൾ മഴയ്ക്കുവേണ്ടി കാത്തിരിക്കുമ്പോഴും ഫുട്ബോൾ കളിക്കു കാത്തിരിക്കുമ്പോഴും നീതിക്കു കാത്തിരിക്കുമ്പോഴുമൊക്കെ, വൃദ്ധ ജനറൽമാരും ടെലിവിഷനിലെ ആങ്കർപയ്യന്മാരും, ആദ്യപ്രഹരത്തിന്റെയും രണ്ടാംപ്രഹരത്തിന്റെയും സാധ്യതകളെക്കുറിച്ച് വീട്ടുകാര്യം ചർച്ച ചെയുമ്പോലെ ചർച്ച ചെയ്യുമ്പോലെ ചർച്ച ചെയ്യുകയാണ്.

ഹിരോഷിമയിലും നാഗസാക്കിയിലും ബോംബിട്ടതിനെക്കുറിച്ചുള്ള പ്രോഫസി എന്ന ഡോക്യുമെന്ററിക്കുറിച്ച് ഞാനും സുഹൃത്തുക്കളും ചർച്ച ചെയ്തിരുന്നു. അഗ്നിഗോളം നദിയിൽ നിറഞ്ഞു കവിയുന്ന മൃതദേഹങ്ങൾ. തലമുടിയും തൊലിയും ദേഹത്തുനിന്നു പറിഞ്ഞു പോയ ജീവനുള്ള മനുഷ്യർ. മുടി മുഴുവൻ പോയി ദേഹം കരിഞ്ഞുപോയ കുഞ്ഞുങ്ങൾ. വസ്ത്രങ്ങൾ അവരുടെ ശരീരത്തിൽ ഉരുകിപ്പിടിച്ചിട്ടും അവർ ജീവിച്ചിരിക്കുന്നു. കറുത്തുകൊഴുത്ത വിഷജലം. ചുട്ടെരിക്കുന്ന ചൂടുള്ള വായു ജനിതകമുദ്രയായി, പിറക്കാനിരിക്കുന്നവരിൽ പതിഞ്ഞ അർബുദത്തെപ്പറ്റി. ഒരു കെട്ടിടത്തിന്റെ ഗോവണിപ്പടികളിൽ ഉരുകിച്ചേർന്നു പോയ ഒരാളെ ഞങ്ങൾ പ്രത്യേകം ഓർമ്മിക്കുന്നു. നമുക്കും അങ്ങനെ സംഭവിക്കുന്നതിനെപ്പറ്റി ഞങ്ങൾ വിഭാവന ചെയ്തു. നമ്മളും ഗോവണിപ്പടികളിലെ കറയായിത്തീരുന്നതിനെക്കുറിച്ച് നാളെ, സ്ക്കൂൾ കുട്ടികൾ ചുണ്ടിൽ വിരൽവച്ച്, കറചൂണ്ടിപ്പറയും: അത് ഒരു എഴുത്തുകാരിയായിരുന്നു. അവനോ അവളോ അല്ല-അത്.

എന്റെ ചിന്തകൾ പരസ്പര ബന്ധമില്ലാതെ കാടുകയറുന്നതിൽ ക്ഷമിക്കുക. പലപ്പോഴും അർത്ഥമില്ലാതെ, വിഡ്ഢിത്തങ്ങൾ പുലമ്പുന്നതിൽ മാപ്പ്.

എനിക്ക് പരിചിതമായ ഒരു സങ്കരയിനം നായയെ ഞാൻ ഓർമ്മിച്ചു. അതിന്റെ ഓരോ വിരലും ഓരോ നിറത്തിലായിരുന്നു. അവനും ഗോവണിപ്പടിയിലെ, അണുപ്രസരണമുള്ള കറയായി അവസാനിക്കുമോ? എന്റെ ഭർത്താവ് മരങ്ങളെക്കുറിച്ച് ഒരു പുസ്തകമെഴുതുകയാണ്. അത്തിമരങ്ങളിലെ പരാഗണത്തെക്കുറിച്ച് ഒരദ്ധ്യായമുണ്ട് അതിൽ. ഓരോ തരം അത്തിക്കും ഓരോ പ്രത്യേകതരം അത്തിക്കടന്നലുകൾ വേണം. വ്യത്യസ്തമായ ആയിരത്തോളം ജനുസ്സിൽപ്പെട്ട കടന്നലുകളുണ്ട്. ഓരോന്നും ലക്ഷക്കണക്കിനു വർഷങ്ങൾകൊണ്ട് പരിണാമവിധേയമായി, പ്രകൃതിയുടെ താളക്രമത്തോട് അതിസൂക്ഷ്മമായി ലയിച്ചുപോരുന്നവയാണ്.

എല്ലാ അത്തിക്കടന്നലുകളും ആണവാഗ്നിയിൽ എരിഞ്ഞു പോകും. സ് സ് സ് സ്. ചാരം മാത്രമാകും. എന്റെ ഭർത്താവ്. അദ്ദേഹത്തിന്റെ പുസ്തകം.

നർമ്മദാ തടത്തിൽ അണക്കെട്ടിനെതിരേ പൊരുതുന്ന എന്റെ ഒരു പ്രിയമിത്രം അനിശ്ചിതകാല നിരാഹരത്തിലാണ്. ഇന്ന് നിരാഹാര സമരത്തിന്റെ പതിനാലാം ദിവസമാണ്. അവരും അവരോടൊപ്പം നിരാഹാരമനുഷ്ഠിക്കുന്നവരും പെട്ടെന്ന് ക്ഷീണിതരായിക്കൊണ്ടിരിക്കുന്നു. മധ്യപ്രദേശ് സർക്കാർ സ്കൂളുകൾ ഇടിച്ചു നിരത്തുന്നു. കാടുകൾ വെട്ടിവെളുപ്പിക്കുന്നു. ഹാൻഡ് പമ്പുകൾ വലിച്ചു പറിച്ചു കളയുന്നു. മാൻ അണക്കെട്ടിനുവേണ്ടി സ്വന്തം ഗ്രാമങ്ങളിൽ നിന്ന് സ്ഥലമൊഴിഞ്ഞു പോകാൻ ഗ്രാമവാസികളുടെ മേൽ സമ്മർദ്ദം ചെലുത്തുകയാണ്. ഈ മനുഷ്യർക്ക് പോകാൻ എവിടെയും ഇടമില്ല. അതിനെതിരേയാണ് പ്രതിഷേധിക്കുന്നത്. നിരാഹാര സമരം നടത്തുന്നതും.

എത്രയേറെ വിശ്വാസവും പ്രതീക്ഷയും നിറഞ്ഞ പ്രവർത്തനമാണിത്! അഹിംസാത്മകമായ പ്രതിരോധത്തിന് ഇന്നത്തെ ലോകത്തിൽ അർത്ഥവും ഫലവുമുണ്ടെന്ന് പ്രതീക്ഷിക്കുന്നത് എത്രമാത്രം ധീരമാണ്! എന്നാൽ അങ്ങനെ സംഭവിക്കുമോ? തരിശാക്കപ്പെട്ട ലോകത്തെപ്പറ്റി ഒരു വേവലാതിയുമില്ലാത്ത സർക്കാരുകൾക്ക് തരിശാക്ക

പ്പെടുന്ന ഒരു താഴ്‌വരയെക്കുറിച്ച് എന്തിനാണ് വേവലാതി?

മനുഷ്യരാശിയുടെ ഉന്മൂലനത്തിന്റെയോ ആണവയുദ്ധത്തിന്റെയോ താഴെ വരുന്ന ഒന്നും തന്നെ പരാമർശ വിഷയമാക്കാൻ അർഹമല്ല എന്ന രീതിയിൽ ഭീതി അത്രയേറെ വർദ്ധിച്ചിരിക്കുന്നു. സമാധാന പരമായ പ്രതിരോധത്തെ പരിഹാസ്യമായിക്കാണുന്നു. ഭീകരപ്രവർത്തനമാണ് യഥാർത്ഥമായത്. ഭീകരവാദത്തിനെതിരായ യുദ്ധം എന്നതിൽ അന്തർലീനമായിക്കിടക്കുന്ന തത്വം, യുദ്ധം ഭീകരവാദത്തിനെതിരേയുള്ള സ്വീകാര്യമായ പരിഹാരമാണ് എന്നതാണ്. ഉപഭൂഖണ്ഡത്തിലെ ഭീകരവാദികൾക്ക് ഒരു ആണവയുദ്ധത്തിനു തിരികൊളുത്താൻ കഴിയുമെന്ന് ഇതുമൂലം ഉറപ്പാക്കപ്പെട്ടിരിക്കുന്നു.

ഒഴിപ്പിക്കപ്പെടുന്നതും സ്വത്തുക്കൾ ഇല്ലാതാക്കുന്നതും പട്ടിണിയും ദാരിദ്ര്യവും രോഗങ്ങളും എല്ലാം ഇപ്പോൾ വൻതമാശകളാണ്. കോമിക് സ്ട്രിപ്പുകളിലെ വിഷയങ്ങൾ. നൊബേൽ ജേതാവ് അമർത്യാസെൻ പറഞ്ഞതെല്ലാം തെറ്റാണെന്ന് നമ്മുടെ ആഭ്യന്തരമന്ത്രി പറയുന്നു. ഇന്ത്യയുടെ വികസനത്തിന്റെ താക്കോൽ വിദ്യാഭ്യാസവും ആരോഗ്യവുമൊന്നുമല്ല മറിച്ച്, പ്രതിരോധമാണ് എന്ന് അദ്ദേഹം പറയുന്നു. (ഒപ്പം വരുന്ന കോഴപ്പണം എങ്ങനെ വിസ്മരിക്കാൻ.)

ഫാഷിസത്തിൽ നിന്നും വർഗ്ഗഹത്യകളിൽ നിന്നും ലോകശ്രദ്ധ വ്യതിചലിപ്പിക്കാൻ യുദ്ധമാണ് നല്ലതെന്നാവും അദ്ദേഹം ഉദ്ദേശിച്ചത്. യഥാർത്ഥഭരണം അടിയന്തിര പരിഹാരമാവശ്യപ്പെടുന്ന മുഖ്യപ്രശ്നത്തെ നേരിടാതെയൊഴിവാക്കാൻ ഇതാണ് എളുപ്പവഴി.

ഇന്ത്യയിലെയും പാകിസ്ഥാനിലെയും സർക്കാരുകൾക്ക് കാശ്മീർ ഒരു പ്രശ്നമേയല്ല. അത് അവരുടെ അത്ഭുതകരമായ നിത്യപരിഹാരമാണ്. വേണ്ടിവരുമ്പോഴൊക്കെ അവരുടെ ചാക്കിൽനിന്ന് വലിച്ചു പുറത്തിറക്കിവിടുന്ന പൂച്ചയാണിത്. നിർഭാഗ്യവശാൽ, ഇപ്പോഴത് അണുപ്രസരണമുള്ള പൂച്ചയാണ്. പോരെങ്കിൽ, നിയന്ത്രണത്തിന് അതീതമായിത്തീരുകയും ചെയ്തിരിക്കുന്നു.

കാശ്മീരിൽ, പാകിസ്ഥാന്റെ പ്രേരണയോടെയുള്ള അതിർത്തികടന്നുള്ള ഭീകരപ്രവർത്തനമുണ്ട് എന്നതിൽ സംശയമൊന്നുമില്ല. അതേസമയം, താഴ്‌വരയിൽ മറ്റ് തരത്തിലുള്ള ഭീകരപ്രവർത്തനങ്ങളും നടക്കുന്നു. ജിഹാദിസ്റ്റ് കലാപകാരികൾ, മുൻകാല കലാപകാരികൾ, വിദേശത്തുനിന്നുള്ള കൂലിപ്പട്ടാളം, പ്രാദേശിക കൂലിപ്പട്ടാളം, അധോലോക മാഫിയോസി, സുരക്ഷാസേനകൾ, ആയുധക്കച്ചവടക്കാർ, അതിർത്തിക്കിരുവശത്തുമുള്ള ക്രിമിനൽ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും-ഇവരെല്ലാം തമ്മിൽ അവിശുദ്ധ കൂട്ടുകെട്ടുണ്ട്. കൂടാതെ തെരഞ്ഞെടുപ്പ് അട്ടിമറിക്കലുകൾ, നിത്യേനയുള്ള അപമാനിക്കലുകൾ, ആൾക്കാരെ "കാണാനില്ലാതാവലുകൾ", നാടകീയമായ "ഏറ്റുമുട്ടലുകൾ" ഇവയൊക്കെ നടക്കുന്നുണ്ട്.

ഇപ്പോൾ ഈ ബഹളം രാജ്യത്തിന്റെ ഹൃദയഭാഗത്തും എത്തിക്കഴിഞ്ഞിരിക്കുന്നു. ഇന്ത്യ ഒരു ഹിന്ദു രാഷ്ട്രമാണ്. ഭരണകൂടത്തിന്റെ ദൃഷ്ടിക്കു താഴെത്തന്നെ മുസ്ലീങ്ങളെ കൊല്ലാം. കൂട്ടക്കൊലപാതകങ്ങൾ ഒരിക്കലും നീതിപീഠത്തിനു മുൻപിൽ എത്തിച്ചേരില്ല. കൊലപാതകികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കും. ഹൃദയഭാഗത്ത് ഹിന്ദു രാഷ്ട്രവും പാർശ്വങ്ങളിൽ മതേതരവുമായി ഇന്ത്യക്ക് വർത്തിക്കാനാവുമോ?

ഇതിനിടയിലാണ്, ഭീകരവാദത്തിനെതിരേയുള്ള അന്താരാഷ്ട്ര കൂട്ടായ്മ യുദ്ധമുണ്ടാക്കുകയും സംയമനം പാലിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നത്. ഇന്ത്യയും പാകിസ്ഥാനും തമ്മിൽത്തമ്മിൽ അപരന്റെ രക്തത്തിനുവേണ്ടി മത്സരിക്കെത്തന്നെ, ഈ കൂട്ടായ്മ ഗ്യാസ് പൈപ്പ് ലൈനുകളിടുകയും നമുക്ക് ആയുധങ്ങൾ വിൽക്കുകയുമൊക്കെ ചെയ്തുകൊണ്ട് അവരുടെ പലതരം കച്ചവടങ്ങൾ നടത്തിപ്പോരുന്നു (ഇപ്പോൾ വാങ്ങാം; വില പിന്നെ) ഉദാഹരണത്തിന്, ബ്രിട്ടൻ ഇരുഭാഗത്തും ആയുധങ്ങൾ വിൽക്കാൻ തിരക്കിട്ട് ശ്രമിക്കുകയാണ്. ടോണി ബ്ലെയർ തിരക്കിട്ട് ശ്രമിക്കുകയാണ്. ടോണി ബ്ലെയർ കുറച്ചു മാസം മുൻപ് "സമാധാന" ദൗത്യവുമായി ഇവിടെയെത്തിയത് യഥാർത്ഥത്തിൽ ഒരു ബില്ല്യൻ പൗണ്ടിന്റെ കച്ചവട ഇടപാട് പറഞ്ഞുറപ്പിക്കാനായിരുന്നു (കോഴപ്പണം വിസ്മരിക്കല്ലേ). അറുപത്തിയാറ് ഹോക്ക് ഫൈറ്റർ ബോംബർ വിമാനങ്ങൾ ഇന്ത്യക്കു വിൽക്കാനുള്ള കച്ചവടയാത്ര. ഒരൊറ്റ ഹോക്ക് ബോംബറിന്റെ വിലകൊണ്ട് അഞ്ചുലക്ഷം പേർക്ക് ആയുഷ്ക്കാലം മുഴുവൻ കുടിക്കാനുള്ള ശുദ്ധജലം നൽകാൻ സർക്കാരിന് കഴിയുമായിരുന്നു.

"എന്തുകൊണ്ട് ഇവിടെയൊരു സമാധാന പ്രസ്ഥാനമുണ്ടാവുന്നില്ല" എന്ന് പാശ്ചാത്യ പത്ര പ്രവർത്തകർ എന്നോട് ആകാംക്ഷയോടെ ചോദിക്കുന്നു. ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങൾക്കും സമാധാനമെന്നാൽ ഭക്ഷണത്തിനും വെള്ളത്തിനും കിടപ്പാടത്തിനും ആത്മാഭിമാനത്തിനും വേണ്ടി നിത്യേന നടത്തുന്ന പോരാട്ടമാണ്. അപ്പോൾ പിന്നെ എങ്ങനെ സമാധാന ശ്രമമുണ്ടാകും? യുദ്ധമെന്നതാവട്ടെ, ദൂരെ അതിർത്തിയിൽ പ്രൊഫഷണൽ പട്ടാളക്കാർ നടത്തുന്ന പോരാട്ടമാണ്. ആണവയുദ്ധമെന്നത് മിക്കവാറും ജനങ്ങളുടെ ഭാവനയ്ക്കതീതമായ ദഹിക്കാത്ത വിഷയമാണ്. ഒരു അണുബോംബെന്താണെന്ന് ആർക്കും തന്നെ അറിയില്ല. അത് വിശദമാക്കിക്കൊടുക്കാൻ ആരും തന്നെ ശ്രമിക്കുന്നുമില്ല. ആഭ്യന്തരമന്ത്രി പറയും പോലെ, വിദ്യാഭ്യാസം അത്രപ്രാധാന്യമുള്ള വിഷയമല്ല.

എന്നെ സന്ദർശിക്കുന്ന എല്ലാ പത്രപ്രവർത്തകരും തന്നെ ചോദിക്കുന്ന അവസാനത്തെ ചോദ്യം ഇതാണ്: നിങ്ങൾ വേറെ പുസ്തകം എഴുതുന്നുണ്ടോ? ഈ ചോദ്യം എന്നെ അപഹസിക്കുന്നു. വേറൊരു പുസ്തകമോ? ഇപ്പോഴോ? ആണവയുദ്ധത്തെക്കുറിച്ചുള്ള സംഭാഷണങ്ങൾ സംഗീതത്തോടും കലയോടും സാഹിത്യത്തോടും സാംസ്കാരികതയെ നിർണ്ണയിക്കുന്ന എല്ലാറ്റിനോടും പുച്ഛമാണ് ഉളവാക്കുന്നത്. എന്തുതരം പുസ്തകമാണ് ഞാൻ എഴുതേണ്ടത്?

സഭാജാഗരൂകരായി അതിർത്തിക്കിരുവശത്തും ജീവിക്കുന്ന പത്തുലക്ഷം പട്ടാളക്കാരുടെ മാത്രം പ്രശ്നമല്ല ഇത്. ഇത് നമ്മെയൊക്കെ ബാധിക്കുന്നതാണ്. അതാണ് അണുബോംബുകൾ ചെയ്യുന്നത്. ഉപയോഗിക്കപ്പെട്ടാലും ഇല്ലെങ്കിലും മാനുഷികമായ എല്ലാറ്റിനേയും അത് തകർക്കുന്നു. ജീവിതത്തിന്റെ അർത്ഥം പോലും അത് മാറ്റിമറിക്കുന്നു.

നാം എന്തിനവരെ സഹിക്കണം? ആണവായുധം വച്ച് മനുഷ്യവംശത്തെ മുഴുവൻ ഒറ്റിക്കൊടുക്കുന്ന അത്തരം മനുഷ്യരെ നാമെന്തിനു സഹിക്കണം?

*(ഫ്രണ്ട്‌ലൈൻ മാസിക 2002 ജൂൺ 8-21 പ്രസിദ്ധീകരിച്ചത്. (ഡി.സി. ബുക്സ്, കോട്ടയം ഉടനെ പ്രസിദ്ധീകരിക്കുന്ന അരുന്ധതി റോയിയുടെ ഗ്രന്ഥത്തിൽനിന്ന് ഒരു അദ്ധ്യായം.)*

ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം
നാലാമത് ദ്വൈവാർഷിക
കൺവെൻഷൻ
ആന്ധ്രപ്രദേശിലെ അനന്തുപൂരിൽ
മെയ് 21 മുതൽ 25 വരെ.
ബന്ധപ്പെടുക. കോർഡിനേറ്റർ, എൻ.
എ.പി.എം., 5/305, പിറവം - 686 664

ഒരിയ്ക്കലൊരിയ്ക്കലൊരു......
meandyou
PERFORMING COMPANY
കഥ പറച്ചിലിന് : മനു ജോസ്
ഫോൺ : 0480-2751482, 9447194411